# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 169

06-02-2019 ൽ മറുപടിയ്ക്ക്

## കേരള മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ :<br>ശ്രീ.എ.എം. ആരിഫ് :<br>ശ്രീ. എം. മുകേഷ് :<br>ശ്രീ. റ്റി.വി.രാജേഷ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട തുറമുഖങ്ങളുടെ സമഗ്രവികസനത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വ്യാപാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങൾ മുഖേനയുള്ള ചരക്ക ഗതാഗതത്തിന് സുപ്രധാനമായ പങ്ക് വഹിക്കാൻ സാധിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ചരക്ക ഗതാഗതം തുറമുഖങ്ങൾ വഴിയാക്കുന്നതിനുള്ള വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. വിഴിഞ്ഞം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങൾ പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിനായി ഒരു കമ്പനി (SPV) രൂപീകരിച്ചു. പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിച്ചു, പൊന്നാനി തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള കരാർ നടപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു. കൊല്ലം തുറമുഖത്ത് ഒരു സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട തുറമുഖങ്ങൾ വഴിയുള്ള കയറ്റിറക്കുമതി വർദ്ധിപ്പിക്കുന്നതിലൂടെ അവയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെറുകിട തുറമുഖങ്ങളിലെ കയറ്റിറക്കുമതിക്ക് ഇൻസെന്റീവ് നൽകി വരുന്നു. ഇതിന്റെ ഭാഗമായി തുറമുഖവുമായി ബന്ധപ്പെട്ട നിലവിലെ വിവിധ നിരക്കുകൾ കാലാനുസൃതമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിനുകൾ, റീച്ച് സ്റ്റാക്കറുകൾ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ പുതിയ ടഗ്ഗുകൾ വാങ്ങി കമ്മീഷൻ ചെയ്തു. ബേപ്പൂർ കൊല്ലം, തുറമുഖങ്ങളിൽ വെസ്സൽ ട്രാഫിക് മാനേജ്മെന്റ് & ഇൻഫർമേഷൻ സിസ്റ്റം (വി.ടി.എം.എസ്) സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി ശക്തികൂടിയ 450 എച്ച്.പി ടഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നുണ്ട്.

ബി) സംസ്ഥാനത്തെ തീരദേശ കപ്പൽ ഗതാഗതം, നാവിഗേഷൻ, ചെറുകിട തുറമുഖങ്ങൾ എന്നിവയുടെ വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള കേരള മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) വിവിധ വകുപ്പുകൾ നടത്തുന്ന തീരദേശ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നാവിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മാരിടൈം ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

(ബി) യും (സി) യും

സംസ്ഥാനത്തെ തീരദേശ കപ്പൽ ഗതാഗതം, നാവിഗേഷൻ, ചെറുകിട തുറമുഖങ്ങൾ എന്നിവയുടെ വികസനം ലക്ഷ്യമാക്കി 16-09-2017 ൽ കേരളാ മാരിടൈം ബോർഡ് ആക്ട് വിജ്ഞാപനം ചെയ്തു. സ.ഉ (കൈ) നമ്പർ 1/2018/മതുവ തീയതി 02/2/2018 പ്രകാരം കേരളാ മാരിടൈം ബോർഡിലെ അംഗങ്ങളെ നിയോഗിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയർമാൻ ഉൾപ്പെടെയുള്ള ബോർഡ് അംഗങ്ങൾ 25/07/2018-ന് ചുമതല ഏൽക്കുകയും ചെയ്തു. കേരളാ മാരിടൈം ബോർഡ് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചട്ടങ്ങൾ പ്രാബല്യത്തിലായാൽ മാത്രമേ മാരിടൈം ബോർഡിന് പൂർണ്ണ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**